**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **06-07-2022 - ൽ മറുപടിയ്ക്ക്**

**അരൂക്കുറ്റി പഞ്ചായത്തിലെ എക്സൈസ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിൽ എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ കാട്ടുപിടിച്ച് കിടക്കുന്നതുമായ ഭൂമി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമി ടൂറിസം വകുപ്പിന് വിട്ടുനൽകുന്നതിനായി ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്തിന്റെ വടക്ക് വശത്ത് നിർമ്മിച്ച ബോട്ട് ടെർമിനലിന്റെ പദ്ധതി പ്രദേശത്ത് പ്രവേശിക്കുന്നതിനുള്ള നടപ്പാതയുടെയും പാർക്കിംഗ് സ്ഥലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത സ്ഥലം ആവശ്യമുണ്ടെന്നും, ടി സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആലപ്പുഴ ജില്ലാ കളക്ടറുടെ ചേംബറിൽ കൂടിയ യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ടെന്നും കാണിച്ച് ചേർത്തല ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ